LIBRARY ARCHIVES Kerala Legislative Assembly

കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടി

26 [828] ശ്രീ. സി. മമ്മൂട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, ടി. പി. എം. സാഹിർ:

,, കെ. എൻ. എ. ഖാദർ:

,, മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ കുറ്റകൃത്യങ്ങൾ ചെയ്തതായി തെളിഞ്ഞാൽ അത്തരം കുറ്റങ്ങൾക്ക് സാധാരണക്കാരായ മറ്റുള്ളവർക്ക് നൽകുന്ന ശിക്ഷയുടെ മൂന്നിരട്ടി ശിക്ഷ നൽകുവാൻ ആലോചനയുണ്ടോ;

(ബി) കുറ്റക്കാരായ പോലീസുകാർക്ക് ശിക്ഷ ഇളവു നൽകുന്നതിനുള്ള വ്യവസ്ഥ റദ്ദ് ചെയ്യുവാനും പോലീസുകാർക്കിടയിലെ ക്രിമിനൽ വാസനയും കുറ്റകൃത്യങ്ങളും ഇല്ലാതാക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമപ്രകാരം മാത്രമേ ശിക്ഷ നൽകാൻ സാധിക്കുകയുള്ളൂ. കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായ ശിക്ഷാവിധിയാണ് നടപ്പാക്കിവരുന്നത്.

(ബി) 1958-ലെ കേരള പോലീസ് ഡിസിപ്ലിനറി ഇൻക്വയറി പണിഷ്മെന്റ് ആന്റ് അപ്പീൽ റൂൾസ് പ്രകാരമാണ് കുറ്റക്കാരായ പോലീസുകാർക്ക് ശിക്ഷ നൽകി വരുന്നത്. ക്രിമിനൽ വാസനയും കുറ്റകൃത്യങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

മനോജിന്റെ മരണം സംബന്ധിച്ച് അന്വേഷണം

27 [831] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ജയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട പനങ്ങാട് പഞ്ചായത്തിലെ റിമാന്റിൽ കഴിയുകയായിരുന്ന മനോജ് എന്ന വ്യക്തി ജയിലിൽ മർദ്ദനം ഏറ്റതിന്റെ ഫലമായി മരണമടഞ്ഞതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ കേസെടുക്കണം എന്നാവശ്യപ്പെട്ട് രൂപീകരിക്കപ്പെട്ട ആക്ഷൻ കമ്മിറ്റി ഗവൺമെന്റിന് ഹർജി സമർപ്പിച്ചിരുന്നോ;